# ദൈവം പൊട്ടനാണോ?

ക്രൈസ്തവ സഭകൾ ഇത്രയധികമോ എന്നത്ഭുതം കൂറിയത് റാന്നിയിലെത്തിയപ്പോഴാണ്. പെന്തക്കോസ്തുകാർ മുതൽ റോമൻ കത്തോലിക്കർ വരെയുള്ള ഒട്ടനവധി വിഭാഗങ്ങൾ. ഇവയുടെയൊക്കെ മുൻകയ്യിലുള്ള സുവിശേഷ സംഘങ്ങൾ, കുടുംബയോഗങ്ങൾ, കൂട്ടായ്മകൾ, ധ്യാനങ്ങൾ, കൺവൻഷനുകൾ.... ആകപ്പാടെ ആത്മീയ ഉണർവിന്റെ തിരതല്ലലാണെങ്ങും.

മൂന്നു നാലു സഭാവിഭാഗങ്ങൾ സംയുക്തമായി നടത്തിയ ഒരു വചന പ്രഘോഷണ യോഗത്തിൽ ഏവർക്കും സ്വാഗതമെന്നു കണ്ട്, കഴിഞ്ഞ ദിവസം ഞാൻ പങ്കെടുത്തു. അധികം വലിപ്പമില്ലാത്ത ഒരു ഹാൾ. സ്ത്രീകളും കുട്ടികളുമടക്കം 200 – ൽ താഴെ ആളുകൾ. സ്റ്റേജിൽനിന്നും ഒരാൾ പ്രസംഗിച്ചാൽ, മൈക്കില്ലാതെ തന്നെ ഏവർക്കും വ്യക്തമായി കേൾക്കാവുന്നതേയുള്ളൂ. എന്നിട്ടും വലിയ സൗണ്ട് ബോക്സുകൾ ഒന്നിനു മുകളിൽ ഒന്നായി നാലെണ്ണം വീതം, സ്റ്റേജിന്റെ മുന്നിൽ രണ്ടു വശത്തും ശ്രോതാക്കൾക്കഭിമുഖമായി സ്ഥാപിച്ചിരിക്കുന്നു. ആമുഖപ്രസംഗികന്റെ ചറുപിറുന്നനെയുള്ള പ്രാർത്ഥനാ വചനങ്ങൾക്കു ശേഷം, ഗായകസംഘം വേദിയിലെത്തുന്നു. പത്തോ പന്ത്രണ്ടോ ചെറുപ്പക്കാർ. 'സകേലരും' കയ്യടിച്ച്, കൂടെപ്പാടാനഭ്യർത്ഥിച്ച്, പിന്നവരൊരു



വര: ശ്രീകുമാർ പന്തല്ലൂർ

'പെർഫോമൻ'സങ്ങ് തുടങ്ങി. തപ്പുകളടിച്ച്, മൈക്കിനു മുന്നിൽനിന്ന് കയ്യടിച്ച് ആർത്തുവിളിച്ചു പാടുന്നതോടൊപ്പം ഒരുത്തൻ 'തമ്പോറു' പോലെയുള്ള ഒരു വലിയ ഉപകരണത്തിൽ ആഞ്ഞടിക്കുകയും കൂടി ചെയ്തപ്പോൾ ഹാളിനകം പ്രകമ്പനം കൊണ്ടു. പാട്ടുകളുടെ ആശയമെന്തെന്ന് എത്ര ശ്രദ്ധിച്ചിട്ടും മനസിലാക്കാൻ 'വാദ്യാഘോഷം' അനുവദിച്ചില്ല. ആളുകൾ കയ്യടിച്ച്, ഇളകിയാടി, സീറ്റിലിരുന്ന് പൊങ്ങിത്താണ്, കണ്ണടച്ച്, ഇളംഭ്രാന്തിൽ നിന്ന് കൊടും ഭ്രാന്തിലേക്ക് സ്വയമറിയാതെ എത്തിപ്പെടുന്നത്, തരിച്ചുകയറിത്തുടങ്ങിയ തലയോടെ ഞാൻ കണ്ടിരുന്നു.

പിന്നെ, 'മുഖ്യപ്രഭാഷണം' പതുക്കെത്തുടങ്ങി. ഉച്ചത്തിലുച്ചത്തിലേക്ക് കത്തിക്കയറി, അലറി കൂവി, മൈക്കിന്റെ 'മാക്സിമം കപ്പാസിറ്റി'യിലൂടെ, ശ്രോതാക്കളിലേക്ക് തുളച്ചുകയറിക്കൊണ്ടിരുന്ന ആ വാക്കുകളുടെ ആകെമൊത്തം ആശയമെന്തെന്ന്, എത്ര ചിന്തിച്ചിട്ടും പിടികിട്ടിയില്ല. ഇസ്രായേൽ, യഹൂദന്മാർ, സങ്കീർത്തനക്കാരൻ, യെശയ്യാവ്, കർത്താവ്, പ്രളയം, നരകം എന്നൊക്കെ തിരിച്ചും മറിച്ചും പറഞ്ഞിരുന്നു. ഉള്ളടക്കമല്ല, അവതരണമാണ് ആസൂത്രിതം.

ശേഷം 5–ാം പേജിൽ

# ദൈവം പൊട്ടനാണോ?

(ഒന്നാം പേജ് തുടർച്ച)

പ്രസംഗത്തിന്റെ ഉച്ചസ്ഥായിയിൽ എന്തും നേരിടാൻ തയാറായി വന്നവനായിട്ടു പോലും, എനിക്ക് ചെവി പൊത്തേണ്ടി വന്നു. തല ചിതറിപ്പോകുമോ എന്ന്, അക്ഷരാർത്ഥത്തിൽ, എനിക്ക് തോന്നി. പിഞ്ചുകുഞ്ഞുങ്ങൾ, കണ്ണുമിഴിച്ച്, ശ്വാസം കിട്ടാതെ വിമ്മിഷ്ടപ്പെട്ടത്, ആത്മീയ ഉണർവ് കൊണ്ടല്ല എന്നെങ്കിലും ഞാൻ മനസിലാക്കുന്നു.

ളോഹയിട്ട പുരോഹിതൻ കൂടെ ഇരിക്കുന്ന വേദിയിലാണീ ശുദ്ധഭ്രാന്ത് അരങ്ങേറിയത്. മനുഷ്യന് താങ്ങാവുന്ന ശബ്ദതീവ്രത ശാസ്ത്രീയമായി നിശ്ച യിക്കപ്പെടുകയും അതു ലംഘിക്കുന്നവർക്കെതിരേ ശിക്ഷണ നടപടികൾക്ക് വ്യവസ്ഥയുണ്ടാക്കുകയും ചെയ്തിട്ടുള്ള കാലവും നാടുമാണിത്. ഇവിടെ ഒരു മുറിക്കുള്ളിൽ കുറച്ചു ദുർബല മനസ്കരെ വിളിച്ചുകേറ്റി, ഇങ്ങനെ പരസ്യ മായി ചിത്രവധം ചെയ്യുന്നതിനെപ്പറ്റി ഒരാൾക്കും വേവലാതി തോന്നുന്നില്ലല്ലോ.

അച്ചനടക്കമുള്ള പ്രാസംഗികരും സംഘാടകരുമൊക്കെ വിദ്യാഭ്യാസവും ലോക പരിചയവുമുള്ളവരെന്ന് ഒറ്റ നോട്ടത്തിൽ തോന്നും. ശബ്ദ തീവ്രത, മനുഷ്യ മസ്തിഷ്കത്തിനുണ്ടാക്കിയേക്കാവുന്ന പ്രശ്നങ്ങളറിയാത്തവരാവില്ല അവർ. ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, ലാളിത്യത്തിനും ദുരിത സ്മരണകൾക്കു മല്ല, ശബ്ദരൂക്ഷതക്കാണ്, പ്രാമുഖ്യം നല്കേണ്ടതെന്ന് ഇവർ പറയുമ്പോൾ, 'ദൈവം പൊട്ടനാണോ?' എന്ന അച്യുതമേനോന്റെ പഴയ വചനം ഓർത്തതു കൊണ്ടും കാര്യമുണ്ടോ?

ഒന്നേ പോംവഴിയുള്ളു. തൃശൂരിലെ 'സി.ഐ.ബി.ഇ.എൽ' എന്ന സംഘടന പുറത്തിറക്കിയ 'മൈക്കാസുര' നെപ്പറ്റിയുള്ള ലീഫ് ലൈറ്റിന്റെ ആയിരക്കണ ക്കിന് കോപ്പികളെടുത്ത്, സകല വചന പ്രഘോഷണക്കാർക്കും ശ്രോതാ ക്കൾക്കും എത്തിച്ചുകൊടുക്കുക. എന്തെങ്കിലും വരുമാനമുള്ള ഓരോ വായന ക്കാരനും പത്തു ഫോട്ടോസ്റ്റാറ്റ് കോപ്പികളെങ്കിലും എടുത്ത്, വിതരണം ചെയ്തു തുടങ്ങുക. ഞാനിതാ, തുടങ്ങിക്കഴിഞ്ഞു.

എന്നിട്ടും എന്റെ തലതരിപ്പ് മുഴുവൻ
മാറുന്നില്ലല്ലോ....

**നിശിതൻ**

കൂടുതലറിയാൻ
('സിബിൽ' വിലാസം: സിറ്റിസൺസ് ഫോർ ബെറ്റർ ലിവിങ്ങ്,
321201, പള്ളത്ത് ലെയിൻ വെസ്റ്റ്, പൂങ്കുന്നം, തൃശൂർ -2)